# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**


തീയതിഃ 23.04.2026

**പ്രസിദ്ധീകരണത്തിന്**

## സംസ്കൃത സർവ്വകലാശാലയിൽ മെറിറ്റ് ഡേയും യാത്രയയപ്പും

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം വേദാന്തം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മെറിറ്റ് ഡേയും വിരമിക്കുന്ന അദ്ധ്യാപകരുടെ യാത്രയയപ്പും ഏപ്രിൽ 24 ന് രാവിലെ 10 ന് കാലടി മുഖ്യ കാമ്പസിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. മുൻ വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ട് മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്യും. പ്രൊഫ. കെ. മുത്തുലക്ഷ്മി മുഖ്യപ്രഭാഷണം നിർവ്വഹിക്കും. പ്രൊഫ. കെ. രമാദേവി അമ്മ അധ്യക്ഷയായിരിക്കും. സിൻഡിക്കേറ്റ് അംഗം. ഡോ. ടി. മിനി, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, ഡോ. വി. കെ. ഭവാനി, പ്രൊഫ. സുനിത ഗോപാലകൃഷ്ണൻ, പ്രൊഫ. ജി. നാരായണൻ, ഡോ. കെ. യമുന, ഡോ. ലിഷ സി. ആർ, അതുല്യ കെ. എൽ, പ്രൊഫ. എസ്. ഷീബ എന്നിവർ പ്രസംഗിക്കും. 2021 മുതൽ പി. എച്ച്. ഡി. നേടിയ 22 പേരെയും മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാരം, പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ എന്നിവ നേടിയവരെയും ചടങ്ങിൽ ആദരിക്കും.

ഉച്ചകഴിഞ്ഞ് നടക്കുന്ന യോഗത്തിൽ സർവ്വകലാശാലയിൽ നിന്നും വിരമിക്കുന്ന പ്രൊഫ. വി. വസന്തകുമാരി, പ്രൊഫ. മഹേശ്വരി പിള്ള എസ്. എന്നിവർക്ക് യാത്രയയപ്പ് നൽകും. പ്രൊഫ. കെ. രമാദേവി അമ്മ അധ്യക്ഷയായിരിക്കും. പ്രൊഫ. ജി. നാരായണൻ, ഡോ. ജയലക്ഷ്മി വി., പ്രൊഫ. വി. വസന്തകുമാരി, പ്രൊഫ. മഹേശ്വരി പിള്ള എസ്. എന്നിവർ പ്രസംഗിക്കും.


**ജലീഷ് പീറ്റർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ നം. 9447123075